# പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

### നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.126 - 8/2/2016-ലെ മറുപടിക്ക്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ടി.എം. തോമസ് ഐസക്ക് | ശ്രീ.ഉമ്മൻ ചാണ്ടി<br>ബഹു. മുഖ്യമന്ത്രി |

**പതിനാലാം ധനകാര്യ കമ്മീഷൻ സംസ്ഥാനവിഹിതം**

| ചോദ്യം | മറുപടി |
|---|---|
| (എ)<br>പതിനാലാം ധനകാര്യ കമ്മീഷനോട് സംസ്ഥാന സർക്കാർ എന്തെല്ലാം പ്രധാന ആവശ്യങ്ങൾ ഉന്നയിച്ചിട്ടുണ്ടായിരുന്നു; അവയിൽ അംഗീകരിച്ച് അവാർഡ് ചെയ്തിട്ടുള്ളവ എന്തെല്ലാമായിരുന്നു; | സംസ്ഥാനസർക്കാർ പതിനാലാം ധനകാര്യകമ്മീഷന് സമർപ്പിച്ച നിവേദനത്തിലെ പ്രധാന നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.<br>1. സംസ്ഥാനങ്ങൾക്ക് വിഭജിക്കാവുന്ന കേന്ദ്ര നികുതിവിഹിതം നിലവിലുള്ള 32 ശതമാനത്തിൽ നിന്നും 50 ശതമാനമായി വർദ്ധിപ്പിക്കണം.<br>2. കഴിഞ്ഞ മൂന്ന് വർഷങ്ങളായി നിലവിലുള്ള സെസ്സുകളും സർചാർജ്ജുകളും വിഭജിക്കാവുന്ന കേന്ദ്ര നികുതി വിഹിതത്തിന്റെ പരിധിയിൽ കൊണ്ടു വരണം.<br>3. കേന്ദ്ര റവന്യൂ വരുമാനത്തിൽ വിവിധ ഇളവുകൾക്കായി മാറ്റി വയ്ക്കുന്ന തുകയുടെ(Revenue forgone) തോത് മൊത്തം ആഭ്യന്തര ഉത്പാദനത്തിന്റെ നിലവിലുള്ള 6 ശതമാനത്തിൽ നിന്നും 3 ശതമാനമായി കുറയ്ക്കണം.<br>4. സംസ്ഥാനങ്ങൾക്കിടയിൽ വിഭജിക്കാവുന്ന നികുതി വിഹിതം നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡത്തിൽ ജനസംഖ്യയ്ക്ക് മുൻതൂക്കം നൽകണം.<br>5. വനം, ജനസംഖ്യയിലെ വൃദ്ധരുടെ എണ്ണം, നഗരവൽക്കരണം, യഥാർത്ഥ ജനസാന്ദ്രത എന്നിവകൂടി കണക്കിലെടുത്ത് കൊണ്ട് 1971-ലെ ജനസംഖ്യയെ ക്രമപ്പെടുത്തണം.<br>6. മുൻകാല കേന്ദ്ര വായ്പകളും അതിന്മേലുള്ള പലിശയും എഴുതിതള്ളണം.<br>7. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള ധനസഹായം സംസ്ഥാനങ്ങൾക്കായി വിഭജിക്കാവുന്ന നികുതി വിഹിതത്തിന്റെ 5 ശതമാനമായി വർദ്ധിപ്പിക്കണം.<br>8. യഥാർത്ഥ വരുമാന കമ്മി (മൂലധന ഗ്രാന്റ് കഴിച്ചുള്ള അറ്റ റവന്യൂ കമ്മി) എന്ന ആശയത്തിന് മതിയായ അംഗീകാരം നൽകണം. |

| | |
|---|---|
| | 9. റവന്യൂ കമ്മി സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തര ഉല്പാദനത്തിന്റെ 1.5.% ആയി നിജപ്പെടുത്തികൊണ്ട് ധന ഉത്തരവാദിത്ത നിയമത്തിലെ ലക്ഷ്യം പുന:ക്രമീകരിക്കുകയും ആയത് 5 വർഷത്തിലൊരിക്കൽ അവലോകനം ചെയ്യാവുന്നതുമാണ്.<br>10. വന വിഭവങ്ങളിൽ നിന്നുള്ള വരുമാന നഷ്ടവും, ഉയർന്ന കാർബൺ നിക്ഷേപവും കണക്കിലെടുത്തുകൊണ്ട് വന സംരക്ഷണം നടത്തുന്നതിന് കേരളത്തിന് അർഹമായ നഷ്ടപരിഹാരം നൽകണം.<br>11. ചതുപ്പ് നിലങ്ങളുടെ സംരക്ഷണത്തിനും തീരദേശ പരിപാലനത്തിനും വേണ്ടത്ര പരിഗണന നൽകണം.<br>12. പദ്ധതിയേതര റവന്യൂ കമ്മി നികത്തുന്നതിനും ഭരണഘടനയുടെ അനുഛേദം 275 പ്രകാരമുള്ള ഗ്രാന്റ് അനുവദിക്കണം. കൂടാതെ സംസ്ഥാനത്തിന്റെ പ്രത്യേക പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് 15574.69 കോടി രൂപയുടെ ധനസഹായം അനുഛേദം 275 പ്രകാരം അനുവദിക്കണം.<br>13. സംസ്ഥാന ദുരന്ത നിവാരണ ഫണ്ട് 30 ശതമാനം കണ്ട് വർദ്ധിപ്പിക്കണമെന്നും നിവാരണ ഫണ്ടിലെ കേന്ദ്ര വിഹിതം നിലവിലെ 75 ശതമാനത്തിൽ നിന്നും 90 ശതമാനമായി വർദ്ധിപ്പിക്കണമെന്നും കമ്മീഷനോട് ആവശ്യപ്പെട്ടിട്ടുണ്ട്.<br><br>**പതിനാലാം ധനകാര്യകമ്മീഷന് സമർപ്പിച്ച നിവേദനത്തിലെ പ്രധാന നിർദ്ദേശങ്ങളിൽ അംഗീകരിച്ചവ ചുവടെ ചേർക്കുന്നു.**<br>സംസ്ഥാനങ്ങൾക്ക് വിഭജിക്കാവുന്ന കേന്ദ്ര നികുതിവിഹിതം നിലവിലുള്ള 32 ശതമാനത്തിൽ നിന്നും 50 ശതമാനമായി വർദ്ധിപ്പിക്കണമെന്നത് 42 ശതമാനമായി വർദ്ധിപ്പിക്കുകയുണ്ടായി. വനവിഭങ്ങളിൽ നിന്നുള്ള വരുമാന നഷ്ടവും ഉയർന്ന കാർബൺ നിക്ഷേപവും കണക്കിലെടുത്തുകൊണ്ട് വന സംരക്ഷണം നടത്തണമെന്ന ആവശ്യം പരിഗണിച്ചുകൊണ്ട് വനമേഖലയുടെ പരിധിക്ക് ഒരു വെയിറ്റേജ് നൽകിയിട്ടുണ്ട്. റവന്യൂ കമ്മി ഗ്രാന്റ് ധനകാര്യ കമ്മീഷൻ അവാർഡ് ചെയ്ത പ്രകാരം 9519 കോടി രൂപ അനുവദിച്ചിട്ടുണ്ട്. എന്നാൽ പ്രത്യേക പ്രശ്നങ്ങൾ പരിഹരിക്കണമെന്ന ആവശ്യം കമ്മീഷൻ പരിഹരിച്ചില്ല. എന്നാൽ കേന്ദ്ര നികുതി വിഹിതം വർദ്ധിപ്പിച്ച നൽകിയിട്ടുണ്ട്. സംസ്ഥാന ദുരന്ത നിവാരണ ഫണ്ട് 30 ശതമാനം കണ്ട് |

| | |
|---|---|
| | വർദ്ധിപ്പിക്കണമെന്നും നിവാരണ ഫണ്ടിലെ കേന്ദ്രവിഹിതം നിലവിലെ 75 ശതമാനത്തിൽ നിന്നും 90 ശതമാനമായി വർദ്ധിപ്പിച്ചുവെങ്കിലും നിലവിലെ സ്ഥിതി തുടരുവാൻ ആവശ്യപ്പെട്ടു. |
| (ബി) റവന്യൂ കമ്മി നികത്തുന്നതിന് സംസ്ഥാനം ആവശ്യപ്പെട്ടിരുന്ന തുക എത്രയായിരുന്നു; | റവന്യൂ കമ്മി നികത്തുന്നതിന് 169289 കോടി സംസ്ഥാനം ആവശ്യപ്പെട്ടിരുന്നു. |
| (സി) സംസ്ഥാനങ്ങളുടെ നികുതിവിഹിതം 50%മായി വർദ്ധിപ്പിക്കണമെന്ന് സംസ്ഥാനം ഏത് വർഷം മുതൽ ആവശ്യപ്പെട്ട് വരുന്നുണ്ട്; ഇത് എത്ര ശതമാനമായിട്ടാണിപ്പോൾ പരിമിതപ്പെടുത്തിയിരിക്കുന്നത്; | സംസ്ഥാനങ്ങളുടെ നികുതിവിഹിതം 50%മായി വർദ്ധിപ്പിക്കണമെന്ന് പതിമൂന്നാം ധനകാര്യകമ്മീഷൻ (2010-15) കാലയളവ് മുതൽ സംസ്ഥാനം ആവശ്യപ്പെട്ടു വരുന്നുണ്ട്. ഇത് 42 ശതമാനമായി പതിനാലാം ധനകാര്യകമ്മീഷൻ പരിമിതപ്പെടുത്തിയിട്ടുണ്ട്. |
| (ഡി) പതിനാലാം ധനകാര്യ കമ്മീഷൻ സംസ്ഥാനത്തിന്റെ പ്രമുഖമായ എന്തെല്ലാം ആവശ്യങ്ങൾ അവഗണിക്കുകയുണ്ടായി; | കഴിഞ്ഞ മൂന്ന് വർഷങ്ങളായി നിലവിലുള്ള സെസ്സുകളും സർചാർജ്ജുകളും വിഭജിക്കാവുന്ന കേന്ദ്ര നികുതി വിഹിതത്തിന്റെ പരിധിയിൽ കൊണ്ടു വരണം എന്നുള്ളതും, കേന്ദ്ര റവന്യൂ വരുമാനത്തിൽ വിവിധ ഇളവുകൾക്കായി മാറ്റി വയ്ക്കുന്ന തുകയുടെ(Revenue forgone) തോത് മൊത്തം ആഭ്യന്തര ഉത്പാദനത്തിന്റെ നിലവിലുള്ള 6 ശതമാനത്തിൽ നിന്നും 3 ശതമാനമായി കുറയ്ക്കണം എന്നുള്ളതും, സംസ്ഥാനങ്ങൾക്കിടയിൽ വിഭജിക്കാവുന്ന നികുതി വിഹിതം നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡത്തിൽ ജനസംഖ്യയ്ക്ക് മുൻതൂക്കം നൽകണമെന്നും, വനം, ജനസംഖ്യയിലെ വൃദ്ധരുടെ എണ്ണം, നഗരവൽക്കരണം, യഥാർത്ഥ ജനസാന്ദ്രത എന്നിവകൂടി കണക്കിലെടുത്ത് കൊണ്ട് 1971-ലെ ജനസംഖ്യയെ ക്രമപ്പെടുത്തണമെന്നും, മുൻകാല കേന്ദ്ര വായ്പകളും അതിന്മേലുള്ള പലിശയും എഴുതിതള്ളണമെന്നും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള ധനസഹായം സംസ്ഥാനങ്ങൾക്കായി വിഭജിക്കാവുന്ന നികുതി വിഹിതത്തിന്റെ 5 ശതമാനമായി വർദ്ധിപ്പിക്കണമെന്നും, യഥാർത്ഥ വരുമാന കമ്മി (മൂലധന ഗ്രാന്റ് കഴിച്ചുള്ള അറ്റ റവന്യൂ കമ്മി) എന്ന ആശയത്തിന് മതിയായ അംഗീകാരം നൽകണമെന്നും, റവന്യൂ കമ്മി സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തര ഉല്പാദനത്തിന്റെ 1.5.% ആയി നിജപ്പെടുത്തികൊണ്ട് ധന ഉത്തരവാദിത്ത നിയമത്തിലെ ലക്ഷ്യം പുന:ക്രമീകരിക്കുകയും ആയത് 5 വർഷത്തിലൊരിക്കൽ അവലോകനം |

| | |
|---|---|
| | ചെയ്യണമെന്നുള്ളതും, സംസ്ഥാനത്തിന്റെ പ്രത്യേക പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും യാതൊരു ധനസഹായം ലഭിച്ചിട്ടില്ലായെന്നും, പദ്ധതിയേതര റവന്യൂ കമ്മി നികത്തുന്നതിനും ഭരണഘടനയുടെ അനുഛേദം 275 പ്രകാരമുള്ള ഗ്രാന്റ് അനുവദിക്കണമെന്ന ആവശ്യവും പരിഗണിക്കുകയുണ്ടായില്ല. |
| (ഇ)<br>കേന്ദ്ര ആവിഷ്കൃതമായ എത്ര പദ്ധതികളാണ് കേന്ദ്രം നിർത്തലാക്കിയിരിക്കുന്നത്; അത് വഴി സംസ്ഥാനത്തിന് പ്രതിവർഷം നഷ്ടപ്പെടുന്ന തുക എത്ര കോടിയാണ് എന്ന് അറിയിക്കുമോ? | 38 കേന്ദ്രാവിഷ്കൃത പദ്ധതികൾ കേന്ദ്ര സർക്കാർ നിർത്തലാക്കിയിട്ടുണ്ട്. Funding pattern ൽ മാറ്റമുള്ളതും നിർത്തലാക്കിയതുമായ കേന്ദ്രാവിഷ്കൃത പദ്ധതികൾ സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന് പ്രതിവർഷം 1806.61 കോടി രൂപയുടെ അധിക ബാദ്ധ്യത ഉണ്ടാകുമെന്ന് സംസ്ഥാന ആസൂത്രണ ബോർഡ് തിട്ടപ്പെടുത്തിയിട്ടുണ്ട്. |

(signature)

**സെക്ഷൻ ഓഫീസർ**